**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4460 — 27.06.2013-ൽ മറുപടിയ്ക്ക്

## വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം വിദേശ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയെന്നും ഏതെല്ലാം കരാർ ഒപ്പിട്ടു എന്നും വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ടി.പി-II പദ്ധതിക്ക് ധനസഹായം ലഭിക്കുന്നതിന് ലോകബാങ്കുമായി പല പ്രാവശ്യം ചർച്ചകൾ നടത്തുകയും ലോക ബാങ്ക് ധനസഹായം നൽകാൻ തയ്യാറാകുകയുമുണ്ടായി. ഈ പദ്ധതിയുടെ കരാർ സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ്, ലോകബാങ്ക് പ്രതിനിധികൾ എന്നിവരുമായി 19.06.2013 ൽ ന്യൂഡൽഹിയിൽ വച്ച് ഒപ്പു വെച്ചു. |
| (ബി) ഏതു പദ്ധതിയ്ക്കാണ് വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തിനായി സമീപിച്ചിട്ടുള്ളതെന്നും എത്ര തുകയ്ക്കാണ് സഹായം തേടുന്നതെന്നും അറിയിക്കുമോ ; | (ബി) 2403 കോടി രൂപ അടങ്കൽ തുക വരുന്ന കെ.എസ്.ടി.പി-II പദ്ധതിയിൽ കേരളത്തിലെ 363 കി.മീ നീളം വരുന്ന 6 പ്രധാന പൊതുമരാമത്ത് റോഡുകൾ വികസിപ്പിക്കുന്നതാണ്. ഈ പദ്ധതിക്ക് 1166 കോടി രൂപയാണ് ലോകബാങ്ക് ധനസഹായമായി ലഭിക്കുന്നത്. |
| (സി) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തിനായി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും സമർപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;<br>(ഡി) വിദേശ ധനസഹായം / വായ്പ സ്വീകരിക്കുന്നതിനായി ഒപ്പിട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br>(ഇ) പ്രസ്തുത വായ്പകൾക്ക് പലിശ എത്രയാണെന്നും തിരിച്ചടവ് നിബന്ധന എന്താണെന്നും പദ്ധതി തിരിച്ചുള്ള വിവരം നൽകുമോ ? | **(സി), (ഡി) & (ഇ) :**<br>ഓരോ ഏജൻസികൾക്കും വ്യത്യസ്തമായ വ്യവസ്ഥകളും മാനദണ്ഡങ്ങളുമാണ് നിലവിലുള്ളത്. കെ.എസ്.ടി.പി II പദ്ധതിയുടെ ലോൺ എഗ്രിമെന്റിന്റെയും, പ്രോജക്ട് എഗ്രിമെന്റിന്റെയും കോപ്പി ഇതോടൊപ്പം വയ്ക്കുന്നു. പദ്ധതി പൂർത്തീകരണ കാലാവധിയായ അഞ്ചുവർഷത്തിനുശേഷം 2018 സെപ്റ്റംബർ 15-ൽ തുടങ്ങി 2030 സെപ്റ്റംബർ 15 വരെയുള്ള കാലയളവിൽ അർദ്ധവാർഷിക ഗഡുക്കളായി ലോൺ തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ. ലോകബാങ്കിന്റെ ലോൺ എഗ്രിമെന്റിൽ പറയുന്ന പലിശ നിരക്ക് ലോൺ കറൻസിയുടെ " റഫറൻസ് റേറ്റ് + വേരിയബിൾ സ്പ്രെഡ്" എന്നാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**